3758
21/2/18

**കേരള സർക്കാർ**

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ്- പി റ്റി എ എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ അധ്യാപകരിൽ ഒ ആർ സി സ്കൂൾ നോഡൽ ടീച്ചറെ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്**

**സ.ഉ.(കൈ) നം./17/2018/പൊ.വി.വ** തീയതി,തിരുവനന്തപുരം, 19/02/2018

---

പരാമർശം:- (1) 25.06.2007 ലെ സർക്കാർ ഉത്തരവ് (എം എസ്) നം.126/2007/പൊവിവ

(2) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 28.12.2017 ലെ എച്ച്1/89398/2017/ഡി പി ഐ നമ്പർ കത്ത്

(3) സാമൂഹ്യനീതി ഡയറക്ടറുടെ 23.11.2017 ലെ ഐ സി പി എസ് 6(എ)/29603/17 നമ്പർ കത്ത്

**ഉത്തരവ്**

ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലെ പി റ്റി എ പ്രവർത്തനങ്ങൾക്കായി വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സൂചന (1) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ ഖണ്ഡിക 2 . 1 അധ്യാപക പ്രതിനിധികളെ ഉൾപ്പെടുത്തുന്നതു സംബന്ധിച്ചുള്ളതാണ്. സാമൂഹ്യനീതി വകുപ്പ് ഒ ആർ സി പദ്ധതി സ്കൂളുകളിൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി സ്കൂളിലെ തന്നെ ഒരു ടീച്ചറെ നോഡൽ ടീച്ചറായി തിരഞ്ഞെടുത്ത് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നുണ്ട്. കുട്ടികളുടെ വിവിധ പ്രശ്നങ്ങളിൽ നേതൃത്വപരമായ ഇടപെടൽ നടത്തിക്കൊണ്ടിരിക്കുന്ന ടി നോഡൽ ടീച്ചറെ പി റ്റി എ കമ്മിറ്റിയിൽ കൂടി ഉൾപ്പെടുത്തുന്നത് അത്യന്താപേക്ഷിതമാണെന്ന് സൂചന ( 3 ) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറും പ്രസ്തുത വിഷയം സൂചന (2) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പി റ്റി എ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്ന അധ്യാപകരിൽ ഒ ആർ സി സ്കൂൾ നോഡൽ ടീച്ചറെ നിർബന്ധമായും ഉൾപ്പെടുത്തണമെന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീലാൽ.റ്റി.വി.**

**അണ്ടർ സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ഹയർ സെക്കണ്ടറി ഡയറക്ടർ, തിരുവനന്തപുരം

വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടർ, തിരുവനന്തപുരം

എല്ലാ പൊതുവിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ

File No.GEDN-G1/61/2018-G.EDN

മുഖേന)
എല്ലാ പൊതുവിദ്യാഭ്യാസ ജില്ലാ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
എല്ലാ മേഖലാ ഹയർ സെക്കണ്ടറി ഡയറക്ടർമാർക്കും (ഹയർ സെക്കണ്ടറി ഡയറക്ടർ മുഖേന)
ഡയറക്ടർ ഓഫ് പഞ്ചായത്ത്/ഡയറക്ടർ ഓഫ് അർബൻ അഫയേഴ്സ്, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ